LIBRARY ARCHIVES Kerala Legislative Assembly

കോതി-പള്ളിക്കണ്ടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പു നടപടികൾ

163 (2293) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കോതി-പള്ളിക്കണ്ടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പു നടപടികൾ 14 വർഷമായിട്ടും പൂർത്തിയായിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് ത്വരിതപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) അപ്രോച്ച് റോഡിനുവേണ്ടി ഏറ്റെടുക്കേണ്ട സ്ഥലത്തെ 11 ബ്ലോക്കുകളിൽ 10 എണ്ണത്തിലെ കെട്ടിടങ്ങളുടെ വാല്യുവേഷൻ പൂർത്തിയായിട്ടുണ്ട്. ഇവിടെയുള്ള ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുനരധിവാസം പൂർത്തീകരിച്ച് സ്ഥലം ലഭ്യമാവുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വയനാട് ജില്ലയിലെ വികസന പ്രവർത്തനങ്ങൾ

164 (2264) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

നിരത്തുകളും പാലങ്ങളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം എ ആയും കെട്ടിട വിഭാഗം സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം ബി ആയും ചേർത്തിരിക്കുന്നു.* ദേശീയപാതാ വിഭാഗത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ അപ്ഗ്രഡേഷൻ പ്രവൃത്തികൾ

165. (2265) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) 30-11-2010-ലെ G.O(Rt) No.1809/2010/PWD പ്രകാരം പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ upgradation പ്രവൃത്തികളിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ എത്ര പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പാലുണ്ട-മുണ്ടേരി റോഡ് (km 7 to 7/500 and to 17/250), ചുങ്കത്തറ-കുറ്റിമുണ്ട റോഡ് (km. 0 to 6/250), ചുള്ളിയോട്- പാട്ടക്കരിമ്പ് റോഡ് (km. 0 to 6/530), വഴിക്കടവ്-ചക്കരപ്പാടം റോഡ് (km. 2/500 to 5/340), എടക്കര-അമരമ്പലം-വാണിയമ്പലം റോഡ് (km. 10/600 to 14/500 and 19/000 to 21/800), എടക്കര-മമുത റോഡ് (km. 2/000 to 4/000 and 7/000 to12/800), നിലമ്പൂർ-കരുളായി റോഡ് (Km. 2/600 to 5/250), നിലമ്പൂർ-വാളത്താട് റോഡ് (Km.2/400 to 3/000,4/500 to 5/000 and 4/600 to 6/800), അകമ്പാടം-പതാർ-പോത്തുകല്ല് റോഡ് (km.0/000 to 4/600 and 6/100 to 6/400), ഉപ്പട-ചെമ്പൻകൊല്ലി-പള്ളിപ്പടി റോഡ് (Km. 0/000 to 5/200) എന്നിവയിൽ ഏതെങ്കിലും പ്രവൃത്തികൾ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉൾപ്പെട്ടിട്ടില്ല. എന്നാൽ രണ്ടാം ഘട്ടത്തിൽ ഭരണാനുമതി നൽകിയ ലിസ്റ്റിൽ G.O. (Rt) No. 1924/10/PWD dated 23-12-2010 പ്രകാരം 261 ലക്ഷം രൂപയുടെ ആറു പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ആരംഭിച്ച പ്രവൃത്തികൾ

166 (2266) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന എത്ര രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത് എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര ഉപരിതല മന്ത്രാലയത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി (110 കോടി രൂപ) അനുമതി ലഭിക്കുകയും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട വിഭാഗത്തിൻ കീഴിൽ 4623.48 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly